**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **30-01-2024 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയർ റയോൺസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ ഗ്വാളിയർ റയോൺസിന് വേണ്ടി ഏറ്റെടുത്ത് നൽകിയ സ്ഥലത്ത് ഏതെങ്കിലും വ്യവസായം തുടങ്ങാനുള്ള നിർദ്ദേശം കമ്പനി സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല . |
| (ബി) | ഇതുസംബന്ധിച്ച് കേരള ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേസ് പെട്ടെന്ന് തീർപ്പാക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ നിരവധി തവണ ഈ വിഷയം അഡ്വക്കേറ്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 17/05/2022-ൽ കോഴിക്കോട് ജില്ലാ നിയമ ഓഫീസർ അറ്റോർണി ജനറലുമായി കൂടിക്കാഴ്ച്ച നടത്തുകയും, ആയതു പ്രകാരം കേസ് പരിഗണിക്കുന്നതിന് ആവശ്യമായ നടപടികൾ സ്റ്റേറ്റ് അറ്റോർണി ജനറൽ സ്വീകരിക്കുകയുമുണ്ടായി.ഇതിനെ തുടർന്ന് ബഹു.ഹൈക്കോടതി ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 10/10/2022-ൽ ജില്ലാ കളക്ടർ സമർപ്പിക്കുകയുമുണ്ടായി.കേസ് ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വീണ്ടും കൊണ്ടുവന്ന് തീർപ്പാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കമ്പനി സ്വന്തമായി വിലയ്ക്ക് വാങ്ങിയ ഭൂമി ഭൂ-പരിഷ്കരണ നിയമപ്രകാരം ഏറ്റെടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; | (സി) | നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഇത്തരത്തിൽ ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | സ്ഥലം ഏറ്റെടുക്കാൻ നിയമ നിർമ്മാണം നടത്തുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഇത്തരത്തിൽ ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ